**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2868** — **15.12.2015 ൽ മറുപടിയ്ക്ക്**

# സ്കൂൾ യുവജനോൽസവങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന-റവന്യൂ ജില്ലാ സ്കൂൾ യുവജനോത്സവങ്ങളിലേക്ക് അപ്പീൽ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധിച്ചിരുന്നോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സംസ്ഥാന, റവന്യൂ ജില്ലാ സ്കൂൾ യുവജനോത്സവങ്ങളിൽ അനുവദിച്ച അപ്പീലുകളുടെ വിശദാംശം തരംതിരിച്ച് അറിയിക്കുമോ; | (ബി), | 1.വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുവദിച്ച അപ്പീലുകൾ - 974.<br>2. ബഹു.ഹൈക്കോടതി അനുവദിച്ച അപ്പീലുകൾ - 23<br>3. കീഴ്ക്കോടതികൾ അനുവദിച്ച അപ്പീലുകൾ - 9<br>4. ലോകായുക്ത അനുവദിച്ച അപ്പീലുകൾ - 160<br>5. മുനിസിഫ് കോടതി അനുവദിച്ച അപ്പീലുകൾ - 152<br>6. ബാലാവകാശ കമ്മീഷൻ അനുവദിച്ച അപ്പീലുകൾ - 121<br>7. ചൈൽഡ് വെൽഫയർ കമ്മിറ്റി വയനാട് അനുവദിച്ച അപ്പീലുകൾ - 6<br>ആകെ - 1445 |
| (സി) | മുൻവർഷം അപ്പീൽ കാര്യ ങ്ങളിൽ നടന്ന ക്രമക്കേടുകളും വിഴ്ചകളും അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തി ശിക്ഷിച്ചിട്ടുണ്ടോ; | (സി) | അപ്പീലുകൾ അധികമായി അനുവദിച്ച വിദ്യാഭ്യാസ ഉപഡയറക്ടർമാരോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. |
| (ഡി) | നടപ്പുവർഷം യുവജനോത്സവങ്ങളിൽ അപ്പീൽ കാര്യത്തിൽ ക്രമക്കേടുകളും വിഴ്ചകളും ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (ഡി) | നടപ്പുവർഷത്തിൽ അധികമായി അപ്പീലുകൾ അനുവദിക്കാതിരിക്കാൻ വേണ്ടി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഓഫീസുകളിലും അപ്പീൽ കമ്മിറ്റിയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറെ പ്രതിനിധീകരിച്ച് ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറുമായി ആലോചിച്ച് കോടതി മുഖാന്തിരവും മറ്റ് അർദ്ധ ജുഡീഷ്യൽ സ്ഥാപനങ്ങളിൽ നിന്നുമുള്ള അപ്പീൽ കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ